അതിനുമുമ്പുണ്ടായിരുന്ന വിവിധ സ്കീമുകളെ സംയോജിപ്പിച്ചുകൊണ്ട് 1-4-2012 മുതൽ സംരംഭകത്വ സഹായ പദ്ധതി നിലവിൽ വന്നു. ഇതുവഴി വ്യവസായ സംരംഭകർക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകിവരുന്നു. സംരംഭകർക്ക് ആകെ നിക്ഷേപത്തിന്റെ 15% (പരമാവധി 20 ലക്ഷം രൂപ) വരെ സബ്സിഡി നൽകുന്നു. വനിതാ സംരംഭകർ, പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർ, യുവ സംരംഭകർ മുതലായവർക്ക് 20% (പരമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകിവരുന്നു. ഇതിനുപുറമെ 9 തരം വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി 10% അധികസബ്സിഡി (പരമാവധി 10% രൂപ) നൽകിവരുന്നു. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട മുതലായ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആകെ നിക്ഷേപത്തിന്റെ 15%-ന് പുറമേ 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കരസ്ഥമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു.

കൂടാതെ ബ്രഹ്മനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് നവീകരണത്തിനായി 70:30 സ്കീം, 60:40 സ്കീം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും വ്യവസായ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫിസിബിലിറ്റി റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.

വ്യവസായ ഷെഡ്ഡുകളുടെ പുനഃക്രമീകരണം

210 (3364) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിനോദസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ മിനി ഇൻഡസ്ട്രീസ് എസ്റ്റേറ്റുകളിലുള്ള വ്യവസായ ഷെഡുകൾ ഒന്നിലേറെ എണ്ണം വാടക നൽകിക്കൊണ്ട് കൈവശംവയ്ക്കുകയും എന്നാൽ ഉപയോഗിക്കാതെയും ഇരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത്തരത്തിൽ എത്രയെണ്ണമുണ്ടെന്ന് ജില്ലതിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന വെണ്ടുകൾ വ്യവസായം നടത്തുന്നവർക്കായി പുനഃക്രമീകരിച്ച് പുതിയ സംരംഭകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സിഡ്കോയുടെ വെണ്ടുകൾ ഇങ്ങനെ കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായം നടത്തിയ വിവരം പ്രത്യേകം അറിയിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിൽനിന്നും സ്റ്റാർട്ട് അപ് സഹായം വാങ്ങിയ സംഘങ്ങൾ

211 (3365) <u>പ്രൊഫ. വി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശവിനിമയവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഇപ്പോൾ രജിസ്റ്റർ ചെയ്ത സ്റ്റാർട്ട് അപ് സംരംഭം വായ്പ തുടങ്ങിയ സംരംഭങ്ങൾ തുടക്കത്തിൽ തന്നെ പൂട്ടിപ്പോകുന്നു എന്ന് വ്യവസായ വകുപ്പിനെ തെറ്റിദ്ധരിപ്പിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെയുള്ള എത്ര പൂട്ടിപ്പോയ സംരംഭങ്ങൾ ഇപ്രകാരം തുടങ്ങിയതായി വിവരം ലഭിച്ചിട്ടുണ്ട്;

(ബി) ഈ പൂട്ടിപ്പോയ സംരംഭങ്ങൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംരംഭങ്ങൾ ഇത്തരത്തിൽ പൂട്ടിപ്പോയി എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില വ്യവസായ യൂണിറ്റുകൾ ഇത്തരത്തിൽ പൂട്ടിപ്പോയി എന്നുള്ള വിവരം സർക്കാരിന് ലഭിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവ പൊതുവായി വന്നിട്ടുള്ള വിവരം മാത്രമാണ്. യാഥാർത്ഥ കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) വ്യക്തമായി യൂണിറ്റുകളുടെ വിവരം ലഭിക്കുന്ന മുറയ്ക്ക് വർക്കാലിൽ നിന്ന് ലഭിച്ച ധനസഹായം തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആണ്.

വ്യവസായ വകുപ്പിന്റെ ഡയറക്ടറേറ്റിലെ ഒഴിവുകൾ

212 (3366) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശവിനിമയും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly